# മുന്തിരിക്കുല

T61

T61
Am11

# മുന്തിരിക്കുല

# MUNTHIRIKKULA
(Poems)

By

T. L. JOHN. M. A, LECTURER,

Catholicate college, Pathanamthitta.

First Impression: January 1966

Copies: 1000

Copyright to J. T. Amballur.

Published by the Author

Printed at

Parishanmudranalayam, Ernakulam

Price Rs. 1-25

# മുന്തിരിക്കുല

( കവിതാസമാഹാരം )

**ജെ. ടി. ആമ്പല്ലൂർ**

BHARMARAM COLLEGE LIBRARY, BANGALORE.
19394
T61
Am

വിതരണം :

**ഇ. ബി ബി. സി, കൊച്ചിൻ–5**

വില : 1–25

JOHN THOPPIL AMBALLUR.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

ഒന്നാം പതിപ്പ്

1966 ജനുവരി

കോപ്പി : 1000

എറണാകുളം
പരിഷന്മുദ്രണാലയത്തിൽ
അച്ചടിച്ചതു്.

കവർ : വി. എം. ബാലൻ

സമർപ്പണം

എന്റെ വന്ദ്യപിതാവ് തോപ്പിൽ

ശ്രീ ഉലഹന്നൻ ലൂക്കോസ് അവർകൾക്ക്.

# മുഖവുര

കോളേജ് ക്ലാസ്സുകളിൽ പഠിച്ചിരുന്നകാലത്തു് ഞാനെഴുതി പ്രസിദ്ധീകരിച്ചിരുന്ന കവിതകളിൽ പന്ത്രണ്ടെണ്ണമെടുത്തു് സമാഹരിച്ചതാണു് ഈ ഗ്രന്ഥം. വളരെ ചെറുപ്പത്തിലേമുതൽ ഞാൻ കവിതകളെഴുതിയിരുന്നെങ്കിലും, 1960 മുതല്ക്കാണു് അവ പ്രസിദ്ധീകരിച്ചു തുടങ്ങിയതു്. എന്റെ പ്രധാന പ്രചോദനകേന്ദ്രം യാതനകളും വേദനകളുമായിരുന്നു—എന്റെ മാത്രമല്ല, മററുള്ളവരുടേതും. അക്കാലത്തു് അവ എന്റെ ഹൃദയത്തെ വല്ലാതെ മഥിച്ചിരുന്നു എങ്കിലും അവയെല്ലാമുപരിയായിവർത്തിക്കുന്ന ഒരു ചൈതന്യവിശേഷത്തിൽ എനിക്കുള്ള ഉറച്ച വിശ്വാസമാണു് എന്നെ മുന്നോട്ടുനയിച്ചതു്.

ആദ്യകാലത്തു് കേരളഭൂഷണം, ദീനബന്ധു മുതലായ വാരാന്തപ്പതിപ്പുകളിലാണു് എന്റെ കവിതകൾ പ്രസിദ്ധീകരിച്ചതു്. വളരെ നാളത്തെ പരിശ്രമഫലമായി സാഹിത്യപരിഷത്തുപോലെയുള്ള മാസികകൾ എന്നെ പ്രോത്സാഹിപ്പിച്ചു തുടങ്ങി. അങ്ങനെയാണു് ഞാൻ സാഹിത്യരംഗത്തു് പിച്ചവച്ചു തുടങ്ങിയതു്. ക്രമേണ മനോരമപോലെയുള്ള ആഴ്ചപ്പതിപ്പുകളും എന്നെ രംഗപ്രവേശം ചെയ്യിച്ചു. 1961 മുതല്ക്കു തന്നെ ഒരു കവിതാസമാഹാരം പ്രസിദ്ധീകരിക്കാൻ ഞാൻ തയ്യാറാക്കിവച്ചെങ്കിലും, പഠനകാലമായിരുന്നതിനാൽ സാധിച്ചില്ല. ഇപ്പോൾ എന്റെ ഈ പ്രഥമകാവ്യശിശു എല്ലാവിധ വാത്സല്യഭാവങ്ങളും പ്രതീക്ഷിച്ചുകൊണ്ടു് സഹൃദയരുടെ ഹൃദയരംഗത്തേയ്ക്കു് നൃത്തംവെച്ചടുക്കുകയാണു്; കൂടെ കവിതാകാമിനിയുടെ സവിധത്തിലേക്കു് പിച്ചവെച്ചടുക്കുന്ന വിയനാനചിതനായ ഒരു കൊച്ചു സാഹിത്യപ്രേമിയും.

പലവിധ ബദ്ധപ്പാടുകൾക്കിടയിൽ ഈ കവിതാസമാഹാരത്തിനു് സുന്ദരമായ ഒരവതാരിക എഴുതി കഴിയുന്നത്രവേഗം അയച്ചുതരുവാൻ സന്മനസ്സുണ്ടായ പ്രസിദ്ധനിരൂപകനും പണ്ഡി

തന്നമായ ശ്രീ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരോട്ട് ഞാൻ അതീവ കൃതജ്ഞനാണ്. സ്നേഹപൂർവ്വം ഈ കൃതി വായിച്ച് അഭിപ്രായങ്ങഠം എഴുതിത്തന്ന പണ്ഡിതനും സഹൃദയനുമായ എൻെറ ഗുരുനാഥൻ പ്രൊഫ: പി. വി. കൃഷ്ണൻനായരോടും, എൻെറ സഹാദ്ധ്യാപകനും മഹാകവിയുമായ പ്രൊഫ: മാത്തൻതരകനോടും, പ്രസിദ്ധ നിരൂപകനും സുഹൃത്തുമായ പ്രൊഫ: മാത്യു ഉലകംതറയോടും, എൻെറ മാന്യസുഹൃത്തും സഹൃദയനുമായ ശ്രീ എം. കെ. ഏബ്രഹാമിനോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത ഞാൻ വാക്കുകളിലൂടെ രേഖപ്പെടുത്തുന്നില്ല. ഇതിൻെറ പുറം കവറിൽ ലഘുവായ ഒരു ജീവചരിത്രസംഗ്രഹമെഴുതിച്ചേർത്ത എൻെറ മാന്യസുഹൃത്തും പ്രസിദ്ധ യുവസാഹിത്യകാരനുമായ ശ്രീ ടോംജോസ് ബി. എ. ബി. എഡിനും ഞാൻ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ കൃതി വളരെ മനോഹരമായി അച്ചടിച്ചുതന്ന സാഹിത്യപരിഷത്തുപ്രസ്സുകാരോട്—പ്രത്യേകിച്ച് പരിഷത്ത് മാനേജർ ശ്രീ എൻ വി. ശങ്കരനാരായണയ്യരോട്—ഞാൻ നന്ദിയുള്ളവനാണ്. മനോഹരമായ ഒരു കവർ ചിത്രം വരച്ചുതന്ന പ്രസിദ്ധ ആർട്ടിസ്റ്റ് ശ്രീ വി. എം. ബാലനും, ഇതിൻെറ വിതരണം ഏറ്റെടുത്ത ഇ. ബി. ബി. സി. ക്കാക്കുംകൂടി നന്ദിരേഖപ്പെടുത്താതിരിക്കുന്നതു് ഒരു കൃത്യവിലോപമായിരിക്കും.

ഇതിൽ അല്ലാല്ലം ചില അച്ചടിപ്പിശകുകഠം വന്നുപോയിട്ടുണ്ട്. അതുകൊണ്ട് ഒരു ശുദ്ധപാഠംകൂടി കൊടുക്കേണ്ടിവന്നു. അധികം പഴക്കവും തഴക്കവുമില്ലാത്ത കൈകളാകയാൽ ചില പാകപ്പിഴകളും ഉണ്ടായേക്കാം. സാഹിത്യക്ഷേത്രത്തിൻെറ ശ്രീകോവിലിലേക്ക് കടന്നുവരുന്ന ഈ എളിയ സാഹിതീഭക്തനെ സഹൃദയരേവരും കൈക്കൊള്ളുമെന്ന പ്രതീക്ഷയോടെ എൻെറ ഈ പ്രഥമ കവിതാസമാഹാരം സഹൃദയരുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളട്ടെ.

ആമ്പല്ലൂർ,
24-1-'66

ജെ. ടി. ആമ്പല്ലൂർ
(ഗ്രന്ഥകർത്താവ്)

# അവതാരിക

ഈ കൊച്ചു സമാഹാരത്തിലെ എല്ലാ കൃതികളും ഇതിനു മുമ്പുതന്നെ ആനുകാലികപ്രസിദ്ധീകരണങ്ങളിലൂടെ വെളിച്ചം കണ്ടുകഴിഞ്ഞവയാണ്. കവി നിരങ്കുശനാകണമെന്ന വാദം മുഴങ്ങിക്കേൾക്കുന്ന ഇക്കാലത്ത് പഴയ പാളങ്ങളിൽനിന്നു് അത്രയ്ക്കൊന്നും പതറാതെ ജീവിതത്തിനും ധാർമ്മികമൂല്യങ്ങൾക്കും വേണ്ടി വിലപേശുന്ന ഇത്തരം കൃതികൾ സ്വാഗതാർഹങ്ങളാകുന്നു.

“............പഞ്ചേന്ദ്രിയ
സംജ്ഞകൾക്കടിപ്പെടാ-
തേകനായ് തപസ്വിപോൽ
വാണിയെയുപാസിക്കൂ”

(പ്രബോധനം)

പുറപ്പെടുന്ന കവിതകൾ ജീവിതഗന്ധികളും ധാർമ്മികലാവണ്യത്തെ സർവ്വോപരി സമുൽകൃഷ്ടമായി കരുതാതിരിക്കുന്നവയുമാകുന്നതെങ്ങനെ? മി. ആമ്പല്ലൂരിന്റെ കൃതികളിൽ ഞാൻ കാണുന്ന പ്രധാന ഗുണം നന്മയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അമേയതൃഷ്ണയാകുന്നു. നന്മയ്ക്കു വേണ്ടിയുള്ള മോഹവും സൗന്ദര്യബോധവും ആത്യന്തികമായ വിശകലനത്തിൽ അടിയുറച്ച ആസ്തിക്യത്തിന്റെ തന്നെ സൂക്ഷ്മസ്വഭാവമാണെങ്കിൽ, ഗ്രന്ഥകാരന്റെ സംസ്കാരസുരഭിലമായ ഹൃദയത്തെ തുറന്നു കാണിക്കുന്നവയാണ് ഈ കൊച്ചു കൃതികളെന്നു പറവാൻ ഞാൻ മടിക്കുന്നില്ല.

ശകുന്തളയെ കണ്ടപ്പോൾ മേനകയെ ഓർമ്മിക്കുക മാത്രമേ വിശ്വാമിത്രൻ (അച്ഛനും മകളും: വള്ളത്തോൾ) ചെയ്യുന്നുള്ളു. തുളസീത്തറയിൽ അന്തിത്തിരി കൊളുത്തുന്ന കൊച്ചു കുമാരി (ഓർമ്മകൾ ജീവിക്കുന്നു) പിതൃഹൃദയത്തിൽ അവളുടെ അമ്മയെ അനുസ്മരിപ്പിക്കുക മാത്രമല്ല, അതിനെ വികാരശബളവും ചിന്താതരംഗിതവുമാക്കുകകൂടി ചെയ്യുന്നു. പെട്ടെന്നു ഞെട്ടററു വീണ ആ ദാമ്പത്യത്തിൻെറ ഭാവസുന്ദരമായ ചിത്രണമായിട്ടുണ്ടു് "ഓർമ്മകൾ ജീവിക്കുന്നു" എന്ന ആദ്യത്തെ കവിത. പരിശുദ്ധപ്രേമം ഗാർഹികാന്തരീക്ഷത്തെ എത്രത്തോളം ആനന്ദസുരഭിലമാക്കാമെന്നു് അതിലെ ഓരോ ഈരടിയും വ്യഞ്ജിപ്പിക്കുന്നു.

"............അന്തിക്കിന്നും
തുളസീത്തറയിലെ-
ന്നോമനയണയുമ്പോൾ,
തിരികൾ കൊളുത്തുമ്പോൾ,
ശോകാന്ധകാരത്തി,ലാ-
ത്തുളസിത്തറയിൽപ്പോൽ
വെളിച്ചം വീശുന്നെന്നി-
ലോർമ്മകൾ ജീവിക്കുന്നു!"

മധുരമധുരമായ ഈ വരികളിലൂടെ കവി നിത്യഹരിതമായ ആ സ്മരണകളിലേക്കു വായനക്കാരെയും സുദൂരം കൂട്ടിക്കൊണ്ടുപോകുന്നു.

ഒരു കൃതിയെക്കാൾ അതിൻെറ കർത്താവിനു പ്രാധാന്യം കൂടുമെന്നു് ഒരഭിജ്ഞവചനമുണ്ടു്. ടാജിൻെറ വിശ്വവിമോഹനമായ സൗന്ദര്യത്തെ ആസ്വദിക്കുന്നവർ അതിൻെറ പിന്നിൽ പ്രവർത്തിച്ച കൈകളുടെ മഹത്വത്തെ ഓർമ്മിക്കാറില്ല. ടാജിൻെറ അലൗകികലാവണ്യത്തെയും അതിൻെറ ചരിത്രപശ്ചാത്തലത്തെയും വർണ്ണിച്ച കവി അവസാനം പറയുന്ന ഈ ഈരടികൾ ശ്രദ്ധിക്കുക:

"അപ്രമേയവൈചിത്ര്യമോഹനം
സുപ്രഭാരമ്യമന്ദിരം
വാർത്താരക്കർമ്മധീരർ ഭാരത-
ഭാവുകത്തിൻെറ ശില്പികൾ.
ഷാജഹാനല്ല, ടാജിനല്ലാ,രിൽ
ഭാവമാർന്നു രൂപമായ്
ആ വിദഗ്ദ്ധരാം രാജശില്പികൾ-
ക്കെന്നുമെന്നുമെൻ വന്ദനം!"

(മഹാസ്മാരകം)

മഹാസ്മാരകം കവിയുടെ സൗന്ദര്യബോധത്തെ തുറന്നു കാട്ടുന്നതാണെങ്കിൽ, അതിന്നടുത്ത 'ഭാവന' അദ്ദേഹത്തിൻെറ കലാപരമായ ധാരണകളെ വെളിപ്പെടുത്തുന്നതാണ്. കലയ്ക്കു ചൈതന്യം നല്കുന്ന 'ഭാവന'യെയാണ് അതിൽ പ്രകീർത്തിച്ചിരിക്കുന്നതു്.

"ഭാവനേ, കലാകാര-
ചിത്തത്തിൻ ചൈതന്യമേ,
ഹാ! വരകവിയ്ക്കുള്ളി-
ലെന്തെല്ലാം ചമപ്പൂ നീ!
നീ ചാരത്തണയുമ്പോ-
ളാരെയും വേണ്ടാകവി;-
യ്ക്കാചാര്യനെപ്പോൽ
മാർഗ്ഗദർശനം നല്കുന്നു നീ!"

(ഭാവന)

ഭാവനയ്ക്കു കവിതയിലുള്ള അന്യാദൃശസ്ഥാനം വെളിപ്പെടുത്തുന്ന ഈ ലഘുഗാനം പല കലാമർമ്മങ്ങളെയും ആസ്വാദകന്മാർക്ക് കാണിച്ചുതരും. കലയുടെ അപ്രകാരമുള്ള മഹത്വത്തെ തന്നെയാണ് 'തൂലികയും പടവാളും' എന്ന കവിതയിലും പ്രകീർത്തിച്ചിരിക്കുന്നതു്. ഇവിടെ കലാകാരൻ —കാളിദാസൻ

—ജീവിക്കുന്നു; അദ്ദേഹത്തെ ചെല്ലും ചെലവും കൊടുത്തു വളർത്തിയ പരാക്രമിയായ ചക്രവർത്തി—വിക്രമാദിത്യൻ—'ചരിത്രപാരാവാരപ്പരപ്പിൽ പൊട്ടുന്ന പരമാണു' മാത്രമായി അവശേഷിക്കുന്നു.

"കാളിദാസൻ ജീവിപ്പൂ
കാലത്തിന്നതീതമാം
കാവ്യരത്നത്താ,ലതിൻ
ശാശ്വതമൂല്യങ്ങളാൽ."

(തൂലികയും പടവാളും)

എന്നാണു് കവിക്കു പറവാനുള്ളതു്. ഏതാണ്ടിതുപോലുള്ള ആശയം തന്നെ 'രണ്ടു മുക്കുവർ' എന്ന കവിതയിലും കാണാം.

ഇടക്കാലത്തുവെച്ചു ജീവിതചഷകത്തിൽ വിഷാദാത്മകത കോരിപ്പകരാൻ ചില യുവകവികൾ ബോധപൂർവ്വം ശ്രമിക്കുകയുണ്ടായി. പ്രേമനൈരാശ്യമാണു് അവരെ അത്തരമൊരു അപഥസഞ്ചാരത്തിനു പ്രേരിപ്പിച്ചതു്. ജീവിതത്തെ പ്രസാദമധുരമായി വീക്ഷിപ്പാനുള്ള ഒരാഹ്വാനമാണു് ശ്രീ ആമ്പല്ലൂരിന്റെ 'ഇരുളിൽ' എന്ന കവിതയിലുള്ളതു്.

"ജീവിതമിരുണ്ടതെ-
ന്നോർത്തുകൊണ്ടലയുന്ന
ജീവിയാം മനുഷ്യനു
സൗഖ്യമെങ്ങുണ്ടായ്‌വരും?"

എന്നാണു് അദ്ദേഹം ചോദിക്കുന്നതു്.

"ഇരുളിൽത്തപ്പിത്തട-
ഞ്ഞേകാകിയെപ്പോലുഴ-
ന്നഴലാർന്നിരുന്നീടി-
ലിരുളായ് തോന്നും സർവ്വം."

എന്ന ഉപദേശം എത്ര ഹൃദയംഗമമായിരിക്കുന്നു!

അന്യാപദേശരൂപത്തിലുള്ള 'വഞ്ചന' എന്ന കവിത ലോകത്തിൽ അന്നുമുതൽ ഇന്നുവരെ നടന്നുപോരുന്ന വിടത്വത്തിന്റെ ചിത്രീകരണമാണ്.

"വേണ്ടുവോളം മധുവുണ്ടു, പിന്നെ
ശങ്കയാൽ മൂളി പൂ ചോററിൽ വീഴ്ത്തി
വണ്ടേ, നീയങ്ങു പാറിയകലും;
ഇണ്ടലേന്തിപ്പൂ വാടിത്തളരും."

പരിഷ്കൃതമായ ഈ ഇരുപതാംനൂററാണ്ടിലും നിത്യേന സംഭവിച്ചുകാണുന്ന ഒരു വഞ്ചനയാണിതു്. പൂവിന്റെ മൂകമായ വേദന ആരറിയാനാണ്! ഇത്തരം കൊടുംവഞ്ചനയുടെ നിറപ്പകിട്ടുള്ള ആ ചിത്രം 'ആരാമത്തിൽ' എന്ന കവിതയിലും കാണാം.

ഭാരം ചുമക്കുന്നവക്കു ഈശ്വരനല്ലാതെ ആരാണു രക്ഷ? ജീവിതം മുഴുവനും കനേഭാരം പേറിക്കഴിഞ്ഞ ഒരു പൈങ്കിളി ഒരു നാളതാ:

"ഒരു കൊച്ചു മാലാഖയെന്നമട്ടിൽ
അംബരത്തേണാങ്കബിംബമെത്തി
പുഞ്ചിരിപ്പാൽപ്പുഴച്ചന്ദ്രികയാൽ
ശ്രമമായി ഭൂവിൻറിരുട്ടകററാൻ."

(കിളിക്കഴിഞ്ഞകൂട്ട്)

മരണശേഷവും പരോപകാരത്തിന്നു ഉദ്യമിക്കുന്ന ഈ പക്ഷി മനുഷ്യന്നു എന്നേയ്ക്കും ഒരു മാതൃകയാണ്. അല്ലെങ്കിൽ സത്തുക്കൾ എന്നും അങ്ങനെയുള്ളവരാണല്ലൊ. അന്യരിൽനിന്നുണ്ടാവുന്ന പ്രതികരണങ്ങളെയല്ല, സ്വന്തം മനസ്സാക്ഷിയുടെ പ്രചോദനങ്ങളെയാണ് അവർ മാനിക്കുന്നതു്.

പ്രകൃതിസൗന്ദര്യം പകർത്താൻ മി. ആമ്പല്ലൂരിന്നുള്ള പാടവത്തെ പ്രസ്ഫുടമാക്കുന്ന ഒന്നാണ് 'ഗ്രാമവീഥിയിൽ' എന്ന കവിത. തന്റെ ഗ്രാമത്തിന്റെ സൗന്ദര്യത്തെ ആണ് ചിത്രീകരിക്കുന്നതെങ്കിലും അതിന്റെ കാൻവാസ് കേരളത്തോളം തന്നെ വിസ്തൃതമാണ്.

"അക്കരെപ്പൂന്തോപ്പിൽ മാമരക്കൊമ്പത്തു
ചക്കരമാമ്പഴമെണ്ണാൻ ചവസ്ക്കുവേ,
വെണ്ണകണ്ടുള്ളൊരാക്കണ്ണനെപ്പോലെ, ര-
ണ്ടുണ്ണികം വായിൽ നീരൂറിനിന്നീടവേ,
പുഞ്ചിരിതൂകിപ്പുലർകാലവേളയിൽ
സഞ്ചിതാരാമങ്ങൾ നൃത്തമാടീമുദാ."

ഇത്തരം സുന്ദരദൃശ്യങ്ങൾ കേരളത്തിലുടനീളം കാണാവുന്നതാണല്ലോ.

ഇവിടെ പേരെടുത്തുപറഞ്ഞവ കൂടാതെ ഒരു കവിതക്കൂടി ഉണ്ട്, ഇതിൽ. ഭഗീരഥൻ സ്വർഗ്ഗംഗയെ ഭൂമിയിലേയ്ക്കു കൊണ്ടുവന്ന പുരാണകഥയുടെ ഒരു പുനരാഖ്യാനമെന്നല്ലാതെ അതിനെക്കുറിച്ച് കൂടുതലായൊന്നും പറവാനില്ല. അങ്ങനെ ചെറുതെങ്കിലും ചേലാന്ന ഈ 'മുന്തിരിക്കുല' ആശയശുദ്ധികൊണ്ടും മാധുര്യംകൊണ്ടും ആസ്വാദകരെ ആനന്ദിപ്പിക്കുന്നു.

ആശയം മാത്രമല്ലല്ലോ കവിത. ആശയത്തിന്റെ ആവിഷ്കരണരീതി കവിതയുടെ അഭേദ്യഘടകമാണ്. ലളിതവും പ്രസന്നവുമായ ഒരു ഭാഷാരീതി മി. ആമ്പല്ലൂരിന്നു സ്വാധീനമാണ്. അതിന്റെ പ്രയോഗത്തിൽ ചില പാകപ്പിഴകൾ ചിലേടത്തൊക്കെ പറ്റീട്ടില്ലെന്നു പറയുന്നില്ല. എങ്കിലും കാലാന്തരത്തിൽ അദ്ദേഹത്തിന്റെ കാവ്യാംഗന കൂടുതൽ ലാവണ്യമയിയാകുമെന്നു നമുക്കാശിക്കുക.

ഞാൻ ഈ യുവകവിക്കും അദ്ദേഹം കൈരളിയുടെ മുമ്പിൽ നിവേദിക്കുന്ന മുന്തിരിക്കുലയ്ക്കും സർവ്വോത്തമാ ഭാവുകമാശംസിക്കുന്നു.

പട്ടാമ്പി
17-12-'65

എന്ന്,
**ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ**

# അഭിപ്രായങ്ങൾ

## i

ശ്രീ ജെ. ടി. ആമ്പല്ലൂർ, എം. എ. കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ കൊച്ചുകൊച്ചു കവിതകൾ എഴുതി സഹപാഠികളുടേയും അദ്ധ്യാപകരുടേയും സമാദരം സമ്പാദിച്ചിരുന്നു. അന്നു കുഡ്മളപ്രായമായിരുന്ന കവനവാസന വികസിച്ചു ഫലിച്ചതാണു് നമ്മുടെ മുമ്പിലിരിക്കുന്ന "മുന്തിരിക്കുല."

ഈ "മുന്തിരിക്കുല"യിൽ പന്ത്രണ്ടു ദ്രാക്ഷാഫലങ്ങളാണുള്ളതു്. അവയിലേതിനാണു് അധികം മാധുര്യമെന്നാരായുന്നതു് വിഡ്ഢിത്തമായിരിക്കും. എല്ലാം സുമധുരങ്ങൾതന്നെയെന്നേ പറയാൻ പററൂ.

ഒരു കോളേജദ്ധ്യാപകനായ ശ്രീ ജോണിനെ ദുർബ്ബലവികാരങ്ങളോ ശിഥിലവിചാരങ്ങളോ വശീകരിച്ചിട്ടില്ല. ആദർശശുദ്ധിയുടെയും സംസ്കാരസമ്പത്തിയുടേയും ആഴത്തിൽ ആഴ്ന്നിട്ടുതന്നെയാണു്, അദ്ദേഹം ഓരോ വികാരവും ഓരോ വിചാരവും ആവിഷ്കരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ശ്രീ ജോണിന്റെ കവിത ആപാതമധുരമെന്നപോലെ ആലോചനാമൃതവുമായിരിക്കുന്നു.

ഈ യുവകവിക്കും ഈ യുവകവിതയ്ക്കും സർവ്വതോമുഖമായ ഭാവുകം ഹാർദ്ദമായി ആശംസിച്ചുകൊള്ളുന്നു.

**പ്രൊഫ: പി. വി. കൃഷ്ണൻനായർ, എം. എ.**

എൻ. എസ്. എസ്. ഹിന്ദുകോളേജ്, പെരുന്ന

## ii

ആകാശവാണിയിലും ആനുകാലികപ്രസിദ്ധീകരണങ്ങളിലുംകൂടി അനുവാചകലോകത്തിന്ന് ഏറെക്കുറെ പരിചിതമാണ് ശ്രീ ജെ. ടി. ആമ്പല്ലൂരിന്റെ കവിതകൾ. കൃത്രിമമായ ബാഹ്യമോടികളോ, പരീക്ഷണപരങ്ങളായ ആവിഷ്കരണസമ്പ്രദായങ്ങളോ അല്ല, നൈസർഗ്ഗികമായ ആത്മപ്രകാശനസൗന്ദര്യമാണ് അദ്ദേഹത്തിന്റെ കവിതകൾക്കുള്ളത്. പിഴിഞ്ഞെടുത്തു വീര്യം കയററിയ മുന്തിരിച്ചാറുതന്നെ വേണമെന്നുള്ളവരെ തൃപ്തിപ്പെടുത്താൻ ഇവയ്ക്കു സാധിക്കയില്ലെങ്കിലും, പുറന്തൊലിയും കുരുവും കളഞ്ഞാസ്വദിക്കാൻ ക്ഷമയും ഹൃദയാലുത്വവുമുള്ളവർക്ക് ഈ മുന്തിരിക്കുലയിലെ ഓരോ കനിയും ഹൃദ്യമായിത്തന്നെ അനുഭവപ്പെടുമെന്നതിൽ സംശയമില്ല.

പദ്യസാഹിത്യത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്ക ജനിക്കുകയും, ഗദ്യപദ്യങ്ങളുടെ പരസ്പരസീമാലംഘനങ്ങൾ സാധാരണമായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തെയാണ് ഇക്കവിതകൾ പ്രതിനിധാനംചെയ്യുന്നത്. അതിനാൽ ഏതു പദ്യകൃതിയെക്കുറിച്ചും പക്ഷാന്തരങ്ങൾ പ്രശ്നമല്ലാതായിത്തീർന്നിട്ടുണ്ട്. ആത്മധൈര്യത്തോടുകൂടിത്തന്നെ ശ്രീ ആമ്പല്ലൂരിന് തന്റെ സംഭാവനയും കൈരളിയുടെ പാദപീഠത്തിലർപ്പിക്കാമെന്നാണെന്റെ സൂചന. ഈ ലോകത്തിലെ അന്ധകാരം തുടച്ചുനീക്കാൻ സൂര്യചന്ദ്രന്മാരോ നക്ഷത്രങ്ങളോ മാത്രം മതിയാകയില്ല. മെഴുകുതിരികൾക്കും മിന്നാമിനുങ്ങുകൾക്കുപോലും അതിൽ സഹകരിക്കാം. സഹകരിക്കാൻ കടമയുമുണ്ട്. ശ്രീ ആമ്പല്ലൂരിന്റെ ഈ കൊച്ചുവെളിച്ചത്തെയും നാം ധന്യവാദംചെയ്തു സ്വീകരിക്കുക.

ദുഃഖമാകുന്ന മുള്ളിനുള്ളിൽനിന്നു മാത്രമേ സുഖത്തിന്റെ പനിനീർപ്പൂവു വിടരുകയുള്ളുവെന്ന സാന്ത്വനസ്പർശമായ സന്ദേ

ശം അദ്ദേഹം ലോകത്തിനു നൽകുന്നു. അനുരാഗത്തിൻെറ ചിതാവേദിയിൽനിന്നു വാത്സല്യത്തിൻെറ ഇളംതൈ പൊടിച്ചു വരുന്നതദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

"ഏതിരുട്ടിലും ദീപ-
മേതുഴലിലും സുഖ-
മേതുവീഴ്ചയിൽപ്പോലു-
മുയർച്ചയേകും വിധി
തന്നതാണെന്നി; യെന്നുടെൻെറ-
യോമനേ നിന്നെക്കനി-
ഞ്ഞെന്നിലെ പ്രേമംനിന്നിൽ-
പ്പകർന്നു വാത്സല്യമായ്."

നമ്മുടെ വലിയ കവികളിൽപ്പോലും ആദരവു ജനിപ്പിക്കുന്ന വികാരാർദ്രമായ വചോവിലാസത്തോടെയാണ് ഇത്തരം ഘട്ടങ്ങളിൽ ജീവിതത്തിൻെറ നിരന്തരവികാസത്തെക്കുറിച്ചുള്ള തൻെറ ശുഭാപ്തിവിശ്വാസം അദ്ദേഹം നമുക്കു പകർന്നുതരുന്നതു്. പ്രവൃദ്ധതേജസ്സുകളായ അനേകം ദീപങ്ങൾ ഇനിയും അദ്ദേഹം കൊളുത്തിവയ്ക്കുന്നതു കാണാനിടയാകട്ടെ എന്നു മാത്രമാണെൻെറ പ്രാർത്ഥനയും ആശംസയും.

തേവര,
1-1-1966

പ്രൊഫ: മാത്യു ഉലകംതറ, എം. എ.
(Sd)

## iii

സ്വന്തം ഹൃദയത്തിലലതല്ലുന്ന ഉൽകൃഷ്ടാനുഭൂതികൾക്കു ഭാവവും രൂപവും നൽകുന്നതിനുള്ള അദമ്യമായ അഭിനിവേശമാണ് ഈ "മുന്തിരിക്കുല"യിൽ വിതുമ്പിനില്ക്കുന്നതു്.

ഉദാത്തമായ ഭാവഗാനത്തിൻെറ അംഗസൗഷ്ഠവവും രൂപഭദ്രതയും ഈ കവിതാസമാഹാരത്തിലെ മിക്ക ഈരടികളിലുമി

ണഞ്ജിച്ചേന്നിട്ടുണ്ട്. അനുവാചകൻെറ ആത്മബോധത്തെ തട്ടിയുണത്തുവാൻ കെല്പുററ വരികളും ദുർല്ലഭമല്ല. ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ ബോധവും ആവിഷ്കരണത്തിലുള്ള ആത്മാത്ഥതയും ഈ സമാഹാരത്തിൻെറ വ്യതിരേകങ്ങളാണ്. ജീവിതത്തിൻെറ വികൃതികളും വൈരുദ്ധ്യങ്ങളും എത്രതന്നെ വഞ്ചിച്ചിട്ടും ഗ്രന്ഥകാരൻെറ കവിസംരംഭമുപശമിക്കുന്നില്ല. മനുഷ്യലോകത്തിൻെറ കാപട്യത്തിൽ അദ്ദേഹം അരിശംകൊള്ളുന്നു. മാനുഷികമൂല്യങ്ങളെ ചവിട്ടിമെതിക്കുന്ന വഞ്ചകനായ മനുഷ്യനെ കണ്ടുകിട്ടിയാൽ കവി വെറുതെവിടുകയില്ല. മത്തൃജീവിതത്തിൻെറ മഹനീയതയിലുള്ള ആദരവാണ് ഇതിനു കാരണം. ജീവിതത്തിലെ ഓളങ്ങളും ചുഴികളുമാണ് ഗ്രന്ഥകാരനു വികാരോത്തേജനം നല്കുന്നതു്. കെട്ടടങ്ങാത്ത വികാരോഷ്മാവിൻെറ പ്രതിഫലനം പലയിടത്തും നമുക്കു കാണാൻ കഴിയും.

അന്തിവിളക്കുകൊളുത്തുന്ന ഓമനപ്പുത്രി, സപിതാവിൻെറ ഓമ്മകളെ തട്ടിയുണത്തുകയാണ് 'ഓമ്മകറം ജീവിക്കുന്ന'തിൽക്കൂടി ശോകത്തിൻെറ പരിവേഷമണിഞ്ഞുകൊണ്ടണയുന്ന അന്തിയുടെ പശ്ചാത്തലത്തിൽ മാതാവിൻെറ കൊച്ചുപതിപ്പായ ഓമനമകറം, സ്മരണയെ കിക്കിളിയിടുന്നതു സംഗതമായിട്ടുണ്ട്. ലളിതവും വികാരോഷ്മളവുമായ രീതിയിൽ ശോകാകീണ്ണമായ ആത്മാവിൻെറ വിപ്പുമുട്ടൽ വ്യക്തമാക്കുവാൻ കവി ശ്രമിച്ചിട്ടുണ്ട്.

പ്രാപഞ്ചികദുഃഖങ്ങളിൽനിന്നു മോചനം നൽകുന്ന ഒരു ഭൂനതിവിദേശഷമാണ 'ഭാവന'. ആത്മചൈതന്യസമ്പൂണ്ണമായ ഒരു ഹൃത്തടം മെനഞ്ഞെടുക്കുവാൻ കവി ഭാവനയെ കൂട്ടുവിളിക്കുന്നു. ഭാവനയുടെ ചിറകുകറം വിടത്തി വിഹായസ്സിലേക്കുയന്നു് നിർവൃതിയിൽ ലയിക്കുവാൻ കവി വെമ്പൽകൊള്ളുന്നു.

ചക്രവത്തിമാരുടെ പടവാളിനേക്കാറം നിശിതമാണ കലാകാരൻെറ തൂലിക എന്ന അനൗഷേദ്ധ്യമായ ചരിത്രവസ്തുത

കവി സുന്ദരമായി ആവിഷ്കരിക്കുന്നു. ആത്യന്തികസുഖമാഗ്രഹി ക്കുന്നവർ നൈമിഷികങ്ങളായ ദുഃഖങ്ങളെ ബുദ്ധിപൂർവ്വം തരണം ചെയ്യേണ്ടതാണെന്നുള്ള ഉപദേശമാണ് "ഇരുളിൽ" കൂടി കവി സംഭാവന ചെയ്യുന്നതു്.

പരഹൃദയത്തെ മുറിപ്പെടുത്തിലും മററം ആത്മസന്തുഷ്ടി നേടുന്ന മർത്ത്യന്റെ ക്രൂരവിനോദത്തെ ലോലചിത്തനായ കവി പല്ലും നഖവുമുപയോഗിച്ചു് എതിർക്കുന്നു. അതുകൊണ്ടരിശം തീരാഞ്ഞിട്ടു് മനുഷ്യത്വത്തെ ചവിട്ടിമെതിക്കുന്ന ലോകനീതിയെ നിശിതമായി വിമർശിക്കുന്നു, "വഞ്ചന"യിൽ. ഇവിടെയാണു കവിയുടെ ആത്മപ്രകർഷം പ്രകടമായിക്കാണുന്നതു്.

പൂക്കറംതോറം നടന്നു് മധുകവന്നു് മദിക്കുന്ന വണ്ടത്താനോടു് കവി പറയുകയാണു്, ഈ വിടവൃത്തിയുടെ ഫലം ഒരിക്കൽ നിനക്കു് എരിയുന്ന അഗ്നിനൽകുമെന്നു്. ഇമ്മാതിരി സന്ദർഭങ്ങളിൽ കവി സ്വയം യവനികയ്ക്കു പുറത്തുവന്നുപോകുന്നു. സന്ധിയില്ലാത്ത ആത്മാർത്ഥതയുടെ തിരത്തള്ളലാണു് അതിനു കാരണം.

ഭാവനയും അനുഭൂതിയും മുററിനില്ക്കുന്ന ഈ "മുന്തിരിക്കുല" സഹൃദയലോകത്തിന്റെ അകമഴിഞ്ഞ അഭിനന്ദനത്തിനു പാത്രീഭവിക്കുമെന്നതിനു സംശയമില്ല. 'മുന്തിരിക്കുല'യ്ക്കും തൽകർത്താവിനും സകല ഭാവുകങ്ങളും ഞാൻ ആശംസിച്ചുകൊള്ളുന്നു.

**എം. കെ. ഏബ്രഹാം, ബി. എ. എൽ. ടി.**
ചെങ്ങന്നൂർ.

## iv

അറിവിനും ആനന്ദത്തിനുംവേണ്ടി കുറുക്കുവഴികൾ തേടിപ്പിടിക്കുന്നതിനുള്ള പ്രവണത വിദ്യാഭ്യാസരംഗങ്ങളിലും, കലാരംഗങ്ങളിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാല

ഘട്ടത്തിൽ മനസ്സിരുത്തി വായിക്കുകയും ആലോചിച്ചർത്ഥം ഗ്രഹിക്കുകയും ചെയ്യേണ്ട സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുവാൻ വളരെപ്പേരുണ്ടാവുകയില്ല. ആ കാരണത്താലാണ് കവിതയ്ക്കു വളർച്ച ഇല്ലെന്നും, കവികളുടെ സംഖ്യ കുറഞ്ഞു വരുന്നു എന്നും പറയുന്നതിനിടയാകുന്നതു്. ആസ്വാദകന്മാരെ ലഭിക്കുന്നില്ലെന്നു കണ്ടാൽ വാസനാസമ്പന്നന്മാരും കാവ്യരചനയിൽനിന്നും പിന്തിരിയുകയാണ് ഇന്നത്തെ പതിവു്. എന്നാൽ അങ്ങനെയുള്ള സ്ഥിതിവിശേഷങ്ങളെക്കുറിച്ച് ചിന്തിക്കാതെ ജന്മസിദ്ധമായ കാവ്യരചനാവാസനയെ പരിപുഷ്ടിപ്പെടുത്തി മുന്നോട്ടു പോകണമെന്ന് ആഗ്രഹിക്കുന്ന ഒരു യുവാവാണ് ശ്രീ ജെ. ററി. ആമ്പല്ലൂർ. അതിനുള്ള കാരണം

"ഞാനറിയാതെന്നിലെ
സദ്ശക്തിതൻ കനൽ-
നാളങ്ങൾ ജ്വലിച്ചെന്നിൽ
ഭാവന വിഹരിപ്പൂ."

എന്ന കവിതാഭാഗംകൊണ്ടുതന്നെ അദ്ദേഹം സ്പഷ്ടമാക്കിയിട്ടുണ്ട്.

"മുന്തിരിക്കുല" എന്ന ഈ കൃതി ശ്രീ ആമ്പല്ലൂർ പലപ്പോഴായി പത്രങ്ങളിലും വാരികകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പന്ത്രണ്ടു കവിതാഖണ്ഡങ്ങളുടെ ഒരു സമാഹാരമാണ്. പടവാളിനേക്കാൾ തൂലികയ്ക്കു ശക്തിയുണ്ടെന്നും, സനാതനസൗന്ദര്യം തുളുമ്പുന്ന കാവ്യങ്ങൾ രചിക്കുവാൻ കലാകാരനെ സഹായിക്കുന്ന ചൈതന്യമാണ് ഭാവനയെന്നും ഈ കൃതികൊണ്ട് അദ്ദേഹം തെളിയിച്ചിട്ടുണ്ട്. അതു മനസ്സിലാക്കുവാൻ താഴെ ഉദ്ധരിക്കുന്ന വരികൾതന്നെ മതിയാകുന്നതാണ്,

"വെണ്ണിലാവിനു മാററുകൂട്ടുവാൻ
മറെറാരേണാങ്കനെന്നപോൽ

തീൎത്തു രാജേന്ദ്രശില്പികരം, നരം
വെൺശിലകളാൽ ഭംഗിയായ്."

(മഹാസ്മാരകം)

"കല്ലോലജാലം തിങ്ങും
ജീവിതക്കടൽ മുങ്ങി
ശാശ്വതസത്യംകാണും
മുക്കുവൻ കലാകാരൻ."

(രണ്ടു മുക്കുവർ)

ആഴവും പരപ്പുമുള്ള ആശയങ്ങരം പരിമിതങ്ങളായ പദങ്ങളിൽ ഒതുക്കിനിൎത്തി അനുവാചകരെ ചിന്തിപ്പിക്കുന്നതിനു പൎയ്യാപ്തങ്ങളാണു് ഇതിലെ കവിതകളെല്ലാംതന്നെ.

"............നാളേയ്ക്കായി-
ഗാനങ്ങരം പാടാൻ വീണ-
ക്കമ്പികരം മീട്ടും ഞാ,നെൻ
ചേതനയ്ക്കാകുംവിധം"

എന്നു് കവിതന്നെ പാടിയിരിക്കുന്നതിനാൽ ശ്രീ ആമ്പല്ലൂരിൽനിന്നും ഇതുപോലെയുള്ള സൽകൃതികരം മേലിലും കൈരളിക്കും കേരളീയജനതയ്ക്കും ലഭിക്കുമെന്നു് പ്രതീക്ഷിച്ചുകൊണ്ടു് കവിക്കും ഈ കൃതിക്കും ഞാൻ മംഗളം നേൎന്നുകൊള്ളുന്നു.

പ്രൊ: പുത്തൻകാവു മാത്തൻതരകൻ, എം. എ.
കത്തോലിക്കേററു് കോളേജ്, പത്തനംതിട്ട.

# താളുകൾ മറിക്കുമ്പോൾ

1. ഓർമ്മകൾ ജീവിക്കുന്നു !
2. മഹാസ്മാരകം
3. ഭാവന
4. തൂലികയും പടവാളും
5. ഇരുളിൽ
6. വഞ്ചന
7. കിളിയൊഴിഞ്ഞകൂട്ട്
8. ഭഗീരഥൻ
9. രണ്ടു മുക്കുവർ
10. ആരാമത്തിൽ
11. പ്രചോദനം
12. ഗ്രാമവീഥിയിൽ

## ശുദ്ധപാഠം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 7 | 11 | ഒർേമ്മ | ഓാമ്മ |
| 29 | 14 | ശൂന്യതാ | ശൂന്യത |
| 30 | 3 | ലേകേ | ലോക |
| 32 | 13 | മാണീതി | മാണതി |
| 42 | 14 | മല്ലപ്പൂവു | മല്ലപ്പൂവു |
| 47 | 11 | കൊരീകൻ | കൊരീകൽ |
| 53 | 1 | സ്പഷ്ടമാക്കാൻ | സ്പഷ്ടമാക്കീടാൻ |

# ഓർമ്മകൾ ജീവിക്കുന്നു !

[ഒരു കൊച്ചു ബാലിക തൻെറ വീടിൻെറ മുററത്തുള്ള തുളസിത്തറയിൽ അന്തിത്തിരി കൊളുത്തിക്കൊണ്ടിരിക്കുകയാണു്. ആ പുത്രിയെ മാത്രം തന്നെ ഏല്പിച്ചു മൺമറഞ്ഞുപോയ തൻെറ ജീവിതസർവ്വസ്വത്തെ ആ ഓമൽപ്പുത്രിയിലൂടെ ഒരു യുവാവു് ദർശിക്കുന്ന ശോകസങ്കുലമായ അന്തരീക്ഷം!........ആ അന്തരീക്ഷത്തിൻെറ ഒരു നേരിയ ഛായയാണു് ഈ കവിതയിൽ ചിത്രീകരിക്കുവാൻ ശ്രമിക്കുന്നതു്.]

**ഓ**ർമ്മകൾ പററംചേർന്നു
ചലച്ചിത്രത്തിൽപ്പോലെൻ

മാനസാകാശത്തിന്നും
നിരന്നു പരക്കുന്നു

തുളസിത്തറയിങ്ക-
ലന്തിയ്ക്കെന്നരുംപൈതൽ

കൊളുത്തും ദീപം, ഏതതി-
ലോർമ്മകൾ കണക്കെന്നും !

അഞ്ചാറുവർഷം മുമ്പൊ-
രമ്മതൻ കൈക്കുഞ്ഞായി

പുഞ്ചിരിപൊഴിക്കാറു-
ള്ളോമനപ്പുത്രീരൂപം

കണ്ടുനില്ക്കവേ ചിത്തം
പിന്തിരിഞ്ഞുനോക്കുന്നു,

വീണ്ടുമാ പഴയതാ-
മോമലിൻ ചിത്രം നന്നായ്.

വർഷങ്ങൾക്കുമപ്പുറം
രോമാഞ്ചഹർഷാദികൾ

വർഷിച്ചുകഴിഞ്ഞൊരാ-
നല്ല നാളോർമ്മിപ്പൂ ഞാൻ.

ജീവിതമെന്തെന്നോരാ-
നാകാംക്ഷവായ്ക്കുംഹൃത്തിൻ

മരുഭൂവിലായ്മലർ-
വാടിപ്പൂത്തൊരാക്കാലം !

നിന്നമ്മയന്നാളിലൊ-
രോമനത്തിട,മ്പെൻെറ

മുന്നിലായ് മേഘം കണ്ട
കേകിപോൽ ലസിച്ചന്നാം

ഇന്നു നിന്നെ മുന്നിൽക്ക-
ണ്ടോമലാം മകളേ ! നിൻ

മുന്നിൽ നില്ക്കുമീയച്ഛ-
നോക്കുകയാണാച്ചിത്രം.

ജീവിതമലക്കാവിൻ
വാസന്തഭംഗിക്കൊപ്പം

പൂവുകൾ വിടർന്നതിൽ
ഭൃംഗങ്ങളെത്തും നാളിൽ,

ആനന്ദമേറും ചാരു
യൗവനപ്രായത്തി,ലെൻ

ജീവിതേശ്വരിയായി
സ്വീകരിച്ചെന്നോമലെ.

അന്നുതൊട്ടെൻ വീട്ടിലായ്
വേറൊരു ദീപം ജ്വലി-

ച്ചന്നുതാനെൻ ഹൃത്തിൽ നി-
ന്നന്ധതയൊളിച്ചോടി.

(പ്രേമത്തിൻ പ്രദീപമായ്
ലസിച്ചോരോമൽസഖീ,

പ്രേമമോടൊരാൾ ചാര-
ത്തില്ലെങ്കിലിരുട്ടെന്നും !)

മെയ്യിനും മനസ്സിനും
മാർദ്ദവം വരുത്തുന്നൊ-

രോമനസ്വപ്നം വാർത്തു
യൗവന,മതോടൊപ്പം

പുഞ്ചിരിതൂകി, സ്നേഹ-
ച്ചെപ്പുമായെത്തീഹൃത്തിൽ

ജീവനിൽ ജീവൻ കണ്ട-
ക്കന്നുമാമനോഹരി.

ഇന്നുമാച്ചിത്രം കാണ്കെ,
പതറം ചിത്തം, ശോകം

ചിന്നിട്ട, മിളക്കുമ്പോൾ
കനലിൽതീജ്വാലപോൽ

അന്നത്തെലജ്ജാപൂർണ്ണ-
മവൾ തൻ കടാക്ഷങ്ങ-

ളിന്നുമെൻ കരം്ത്തട്ടി-
ലിക്കിളിചേർക്കാൻപോരും !

എങ്കിലുമന്തിക്കിന്നും
തുളസിത്തറയിലെ -

ന്നോമനയണയുമ്പോാം,
തിരികം്കൊളുത്തുമ്പോാം,

ശോകാന്ധകാരത്തി,ലാ -
ത്തുളസിത്തറയിൽപോൽ

വെളിച്ചം വീശുന്നേ;ന്നി-
ലോർമ്മകം് ജീവിക്കുന്നു !

ഇരുളിന്നിരുമ്പഴി -
ക്കുള്ളിൽനിന്നുഡുക്കം് തൻ

തുണയാൽ വാനും പാരും
മോചിപ്പിക്കുമേണാങ്കൻ

പുഞ്ചിരിച്ചണയുമ്പോ -
ളോമനേ,നീയെൻഹൃത്തിൽ

പുഞ്ചിരി വിടർത്തുന്നു -
ണ്ടല്ലെങ്കി,ലില്ലിന്നീ ഞാൻ.

ഏതിരുട്ടിലും ദീപ-
മേതഴലിലും സുഖ-

മേതുവീഴ്ച്ചയിൽ പോലു-
മുയർച്ചയേകും വിധി

തന്നതാണെന്നി,യ്യെന്റെ
യോമനേ ! നിന്നെക്കനി;

ഞെന്നിലെ പ്രേമം നിന്നിൽ
പകർന്നു വാത്സല്യമായ്.

ആർത്തിപൂണ്ടിരുന്നപോ-
യേറെ്ഞാ,നണന്നപ്പോ-

ളംബരം പൂകിചന്ദ്ര-
നോമലിൻ സ്മിതത്തോടെ.

ക്രൂരിരുട്ടലട്ടമ്പോ-
ളാതുരക്കാലംബമാ-

യംബരം പൂകുന്നൊരാ-
പൂർണ്ണചന്ദ്രനെക്കാണ്കെ,

ഹിരണ്യാക്ഷൻതൻ മാറ-
പിളരും നൃസിംഹത്തിൻ

ചിത്രമോ,ത്തൂറം ത്തീതട്ടി-
ക്കെട്ടുത്താൻ തുനിഞ്ഞു ഞാൻ.

സ്വപ്നത്തിലാകിൽപോലു-
മോമലെ ദശിച്ചീടാ-

നാശിക്കുമെൻ ഹൃത്തിതി-
ലോർമ്മകളുണത്തീടും

ഓമനേ, നീയെൻജീവ;-
നോമലിൻ സ്മരണക-

ളോർമ്മയിൽനിന്നും മായാ-
തെന്നുമേ കാക്കുന്നവറം!

ഒർമ്മകറം പാറാംചേൻ
ചലച്ചിത്രത്തിൽപോലെൻ

മാനസാകാശത്തിന്നും
നിരന്നു പരക്കുന്നു !!

*

## മഹാസ്മാരകം

i

കണ്ണുനീർകൊണ്ടു വാർത്തെടുത്തൊരാ—
കാന്തി ചിന്തും കുടീരകം

ഭാവനോജ്ജ്വല സ്നേഹബന്ധത്തിൻ
ശാശ്വതാനന്ദസ്മാരകം

വിണ്ണിനെത്താഴ്ത്തി,യിദ്ധരാതലേ
വെണ്മപൂശുന്ന കന്ദളം

മന്നിലത്ഭുതദൃശ്യമാ,യൊരു
വിശ്വസൗന്ദര്യമൂർത്തിയായ്

സ്വച്ഛരാഗപ്രതീകമായ്, ചക്ര-
വർത്തിതൻ കീർത്തിധാടിയായ്

ആ നദീതടേ നില്പതാജ്–ഒരു
പൂൎണ്ണചന്ദ്രനുദിച്ചപോൽ.

ii

പ്രേമസൎവ്വസ്വമായാം സ്വരാജ്ഞിത-
ന്നന്ത്യസന്ദേശവാക്കുകൾ

ജീവനിൽ ജീവനായ് കഴിഞ്ഞൊരാ-
ജീവനാഥ തന്നോർമ്മകൾ

ആത്മവാഹിനിയുടെ സ്വച്ഛമാ-
യുന്നൊലിച്ചൊരാനൊമ്പരം

അന്തരാത്മതന്തുക്കളിൽ, പ്രേമ-
ബന്ധമോടെ സ്ഫുരിക്കവേ,

ആത്മബന്ധപ്രകർഷമോ,ടന്ത-
രാത്മതന്തുക്കൾ മീട്ടവേ,

രാഗഭാരത്താൽ ബദ്ധനായ്, പൂവ്വ-
കോമള പ്രേമജീവിതം

പൂതരാഗപ്രതീകനാം നൃപ-
നോത്തു കല്യരാഗോജ്വലൻ.

ആ മൃതപ്രേയസിക്ക ശാശ്വത-
സ്മാരകം പണിതീർക്കുവാൻ

നല്കി കൊട്ടാരശില്പികൾക്കാജ്ഞ;
പുല്കിസ്വപ്നത്തിലോർമ്മകൾ.

iii

ശാശ്വതപ്രേമമൂർത്തിയാം മന്ന-
നാശ സാക്ഷാത്ക്കരിക്കുവാൻ

കോമളപ്രേമമുദ്രയാ,യൊരു
കാമനീയ കുടീരകം

സൽക്കലാപൂർണ്ണിമ പ്രതീകമാ-
യാ യമുനാ നദീതടേ

മുംതാസിൻ കീർത്തി മുദ്രയായ്, മുടി-
ചൂടും രത്നകിരീടമായ്

വെണ്ണിലാവിനു മാററുകൂട്ടുവാൻ
മററൊരേണാങ്കനെന്നപോൽ

തീർത്തുരാജേന്ദ്രശില്പികൾ, നറും
വെൺ ശിലകളാൽ ഭംഗിയായ്.

iv

മിന്നൽപോൽ, മഴവില്ലുപോൽ, രമ്യ-
ഭാസ്സോടാ മുഗ്ദ്ധമന്ദിരം

ലോകക്കാനന്ദസിന്ധുവായ്, നൃപ-
കാന്തതൻകീർത്തി മുദ്രയായ്

പൂർവ്വഭാരതശില്പിതന്ത്രർ തൻ
ശില്പചാതുരീലാസ്യമായ്

ഭാരതീയക്കുമാനമായ്, ദേശ-
ചാരികൾക്കുൾപ്രമോദമായ്

കല്പനാധനർ രാജശില്പികൾ-
ക്കാത്മസംതൃപ്തിജന്യമായ്

എന്നുമെന്നുമവക്കുസ്മാരക
വസ്തുവായ്, വാനചുംബിയായ്

കീർത്തിചേക്കുന്നു മന്നി,നൊപ്പമാ-
കീർത്തിമാൻ രാജശ്രേഷ്ഠനും.

V

അപ്രമേയ വൈചിത്ര്യമോഹനം
സുപ്രഭം രമ്യമന്ദിരം

വാത്ത്സാരാക്കർമ്മധീരർ ഭാരത-
ഭാവുകത്തിൻെറ ശില്പികൾ.

ഷാജഹാനല്ല, ടാജിന,ല്ലാരിൽ
ഭാവമാന്നുത്രുപമായ്

ആ വിദഗ്ദ്ധരാം രാജശില്പികൾ-
ക്കെന്നുമെന്നുമെൻ വന്ദനം.

പ്രേമസങ്കല്പസീമയിൽ, പ്രഭാ-
ജാലമേന്തും കുടീരമേ !

വെൽക, വെൽക, നീ ഭാരതത്തിൻെറ
കീർത്തിയേന്തുന്ന തീർത്ഥമായ്.

★

DHARMARAM COLLEGE LIBRARY,
19394
BANGALORE.

## ഭാവന

ഭാവനേ, കലാകാര
ചിത്തത്തിൻ ചൈതന്യമേ,

ഹാ! വരകവിയ്ക്കുള്ളി-
ലെന്തെല്ലാം ചമപ്പൂനീ!

നീ ചാരത്തണയുമ്പോ-
ളാരെയും വേണ്ടാ കവി;-

യ്ക്കാചാര്യനെപ്പോൽ മാർഗ്ഗ-
ദർശനം നല്കുന്നു നീ.

നിന്നിലുൾക്കമ്പം പൂണ്ടോ-
രേതുഴൽ സഹിച്ചിട്ടു-

മെന്നുമാസചർല്ലോകത്തിൻ
സാമ്രാജ്യമേറാൻവേണ്ടി,

ചുററുപാടെല്ലാം മറ-
ന്നുററവരേയും വെടി-

ഞ്ഞുററമററഗാധമാം
ചിന്തയിൽ ലയിക്കുമ്പോ൦,

ആക്കുമപ്രാപ്യം ദിവ്യ-
സങ്കല്പ സാമ്രാജ്യത്തിൽ

പാക്കുവാനിടം നല്കു-
ന്നല്പനേരമെന്നാലും.

ഹൃത്തടം കൊതിയ്ക്കുന്ന
ചിത്രങ്ങ൦ പകത്താനായ്

ചിത്രകാരനായെത്തും
ഭാവനേ, സുഹൃത്തേ! നീ

ചേതനനിറഞ്ഞാത്മ-
ചൈതന്യസമ്പൂണ്ണമായ്

കുടികൊള്ളുകെൻ ഹൃത്തിൽ,
നടമാടുകെൻ നാവിൽ.

തുച്ഛസമ്പന്നർപോലു-
മിച്ഛകൾനേടും, നിന്നെ

സ്വച്ഛമായ് ചരിച്ചീടാൻ
ചിത്തതാരിടം നല്കിൽ.

നന്ദി നിന്നിലുള്ളോർക്കും
നിന്നെയാദരിപ്പോർക്കും

വന്ദ്യമാം സ്ഥാനം നല്കും
ഭാവനേ, ഭവാൻ നിത്യം

പാകപാരമ്യംപൂണ്ട
പരമാത്മചൈതന്യം

പാകത്തിൻകടഞ്ഞെട്ട-
ത്തമൃതോ, നൽവെണ്ണയോ?

എങ്ങനെ മറക്കും ഞാ?-
നെന്നിലെ കലാകാര-

നെങ്ങുമൈശ്വര്യം നല്കും
ഭാവനേ, തോഴാ നിന്നെ!

സത്യമായ് കൊതിയ്ക്കുന്നു-
ണ്ടെന്നിലെ കവിചിത്തം

നിൻെറയാശ്ലേഷം പൂണ്ടു
നിർവൃതിക്കൊള്ളാൻ നിത്യം.

കലകാംക്കറവിട-
മെന്നപോൽ, കലാകാര-

ന്നലകിൽനിന്നും പൊന്തി-
യാത്മചൈതന്യം നേടാൻ,

സ്വച്ഛമായ് ലസിച്ചെത്തി
നൽത്തനംകൊണ്ടാഹ്ലത്തി-

നിച്ഛപോൽ വിഹരിക്കാൻ
തുണയ്ക്കും ഭവത്സാഹ്യം

നിത്യലക്ഷ്മിയാ,ണാരിൽ
കനിയു,ന്നവൻ പിന്നെ

നിത്യമാം ചൈതന്യത്തെ
പ്പുല്കുന്നു, ജീവിക്കുന്നു.

ഭാവനേ, സനാതന
സൗന്ദര്യസാക്ഷാൽ സത്തേ,

ഹാ വരൂ, വരൂ ചാര,-
ത്തെൻെറ ഹൃത്താശ്ലേഷിക്കാൻ.

*

## തൂലികയും പടവാളും

ഭാരതചരിത്രത്തിൻ
സൗവർണ്ണയുഗങ്ങളിൽ

ഭാസുരസുകീർത്തിത-
മൈശ്വര്യപൂർണ്ണം കാലം,

തൻ സദസ്സിനു കീർത്തി
ധാവള്യം പരത്തിയ

സൽക്കവീന്ദ്രരെപ്പോററി
വിക്രമാദിത്യൻ നൃപൻ.

ആ നവരത്നങ്ങളി-
ലേററമുജ്ജ്വലൻ, കവി-

ശ്രേഷ്ഠർക്ക് ചൂഡാരത്നം
കാളിദാസൻ തൻ നാമം

ഓക്കുമ്പൊ,ളക്കൂട്ടത്തി-
ലോമ്മകഠം കാൽ തെററി വീ-

ണോക്കമായുഗം, രാജ-
വിക്രമാദിത്യൻ പേരും.

അയൽ രാജ്യങ്ങഠം പിടി-
ച്ചാരെയും സ്വാധീനിച്ചു,-

മരിയെജ്ജയിച്ചും, സൽ
ബന്ധുശക്തിയാജ്ജിച്ചും

നാലുപാട്ടും തൻ രാജ്യ-
വിസ്തൃതി കൂട്ടിക്കൂട്ടി-

ബ്ഭാരതം തൻ ചെങ്കോലിൻ
കീഴിൽത്താനമത്തിയ

വിക്രമക്ഷിതീശന-
ന്നെല്ലാക്കും സമാരാദ്ധ്യൻ;

കവിയോ നിസ്സാരനാ-
ധനമോഹിതക്കെന്നും !

വന്ദനം നേരുന്നു ഞാൻ
കലതൻ മമ്മം കണ്ട

കവിയെ ദാരിദ്ര്യത്തീ
തീററാത്തൊരങ്ങയ്യേന്നും.

അങ്ങു ഞങ്ങൾക്കാരാധ്യ,–
നക്കനിവുൾക്കൊണ്ടു താ-

നിക്കർമ്മധീരൻ കവി
കർമ്മചൈതന്യം നേടി !

എത്രനാളാകാവ്യകൃ-
ത്തെത്രയും പണിപ്പെട്ടു

പട്ടിണികിട,ന്നല-
ഞ്ഞാശ്രയം തേടിക്കാണും !

എത്ര രാത്രികൾ സ്വയം
നിന്നിദ്രനായ് താൻ വാക്കും

സുന്ദരസ്വപ്നങ്ങൾ തൻ
സാമ്രാജ്യമേറിക്കാണും !

അക്കഥകഴിഞ്ഞുപോയ്;
ചക്രവത്തിയെങ്ങെങ്ങാ-

കവിമന്നനാം കാളി-
ദാസനി,ന്നയ്യോ ചിത്രം !

ഇവിടെ തിളങ്ങുന്നു
കലതൻ ഫലപ്രാപ്തി;

യിവിടെക്കാണാം കലാ-
കാരൻ തന്നെജയ്യത്വം.

കാളിദാസൻ ജീവിപ്പൂ
കാലത്തിന്നതീതമാം

കാവ്യരത്നത്താ,ലതിൻ
ശാശ്വതമൂല്യങ്ങളാൽ.

വിക്രമാദിത്യൻ വെറും
ചരിത്രപാരാവാര-

പ്പരപ്പിൽപ്പെട്ടും പര-
മാണു, നിഷ്പ്രഭം നൂനം !

തൂലിക ചലിക്കുന്നു,
പടവാളിനെപ്പടി

താഴ്ത്തിത്താൻ ജഗത്തിതിൽ
കാലത്തിൻതിരിച്ചിലിൽ.

തൂലിക ഖഡ്ഗത്തേക്കാം
നിശിതംതാ, നാരെയും

വളർത്താം, താഴ്ത്താം, കവി-
യെല്ലാമുളതാണല്ലോ എന്നും?

വെൽകനീ, പൊൻതുലികേ
സാമ്രാജ്യദുർമ്മോഹികരം

നൃപർതൻഖഡ്ഗത്തെക്കാ-
ളെന്നാളും സുശക്തമായ്.

*

# ഇരുളിൽ

ജീവിതമിരുണ്ടതെ-
ന്നോർത്തുകൊണ്ടലയുന്ന

ജീവിയാം മനുഷ്യന്നു
സൗഖ്യമെങ്ങുണ്ടായ്‌വരും?

നാളത്തെപ്പുലരിതൻ
പുഞ്ചിരികൊതി, ച്ചാശ

ലാളിച്ചുമാമ്പൂപോലെ-
യൊക്കെയും കൊഴിയവേ,

ജീവിതമിരുണ്ടതെ-
ന്നിണ്ടലിൽ മാഴ്കിൽ, മൂഢ-

രീവിധംമററാരുള്ളു?,-
ധീമാനതുചിതമോ?

എത്രയുമപാരമീ-
ഭൂവിൽ ജീവിതഭാരാൽ

ചിത്ര,മെത്രജീവിക-
ളല്ലലിൽ, സുഖത്തിലും

ചിത്തമോദത്തോടെന്നു-
മിരവും പകലും ത-

ന്നുത്തമസുഹൃത്തായി-
ജ്ജീവിതത്തെക്കാക്കുന്നു!

മർത്ത്യനീയജ്ഞാനാന്ധൻ,
ജ്ഞാനിയായ് ഭാവിക്കുന്നോ,-

നതലിൻപ്പെട്ടമ്പോഴേ-
യ്യാശകം തകരുന്നു,

ജീവിതം കൊഴിയുന്നു,
പ്രഭമങ്ങിട്ടു,ന്നന്തി-

ത്തുടുപ്പിൽ ചെമ്മാനം പോൽ
മഞ്ഞളിയ്ക്കുന്നു മുഖം!

ചിന്തിക്കി,ലിതിൽപര -
മജ്ഞാനമെന്തുണ്ടാക്ക -

മന്തരംഗം മാഴ്കുവാൻ
ഹേതുവില്ലായ്കെത്തന്നെ.

കാര്യസാദ്ധ്യത്തിൻശേഷ -
മൊരുനാറം മടങ്ങേണ -

മാരുമേ വൈകാനമ്മറം;
വീട്ടുള്ളതങ്ങാണല്ലോ !

ഇരുളിൽത്തപ്പിത്തട -
ഞ്ഞേകാകിയെപ്പോലുഴ -

ന്നഴലാന്നിരുന്നീടി -
ലിരുളായ് തോന്നും സർവ്വം.

ദുഃഖമാം മുള്ളിൻവള്ളിൽ
വിടരും പനീർപ്പൂവാം

സുഖത്തെ കാംക്ഷിക്കുന്നോ -
നിണ്ടലിൽ മാഴ്കൊല്ലൊട്ടും !

★

## വഞ്ചന

മൊട്ടിട്ടല്ലം വിടൎന്നോരാപ്പൂവിൽ
മുത്തമിട്ടുവരുന്നൊരു വണ്ടേ,
എത്രപൂക്കൾതൻ ചാരിത്രനാശം
ചിത്ര,മീവിധം നീ തുടരുന്നു ?

മാദകമാം വസന്തമണഞ്ഞാൽ
മാകന്ദത്തോപ്പിൽ നീയണഞ്ഞെന്നാൽ,
മാരിവില്ലിൻെറ സൗഭഗംചേരും
സാരി ചുററും പൂ പുഞ്ചിരിതൂകും.

നീ പറന്നു വരുന്നതു കാൺകെ,
നിൻനിനദത്തിലാമഗ്നമാകെ,
സാഹചര്യം കുഴപ്പങ്ങൾവാക്കും;
സാഹസം നീ തുടരുന്നു നിത്യം !

വേണ്ടുവോളം മധുവുണ്ടു, പിന്നെ
ശണ്ഠയാൽ മൂളി, പൂചേററിൽ വീഴ്ത്തി
വണ്ടേ, നീയങ്ങു പാറിയകലും;
ഇണ്ടലേന്തിപ്പൂ വാടിത്തളരും.

വണ്ടേ നിൻെറയീവഞ്ചനയെല്ലാം
പണ്ടേ തന്നെ നിനക്കു വിനോദം
വാടി വീണു കരിയുന്ന പൂവിൻ
മൂകവേദന കാണ്മതില്ലേ നീ ?

അന്യനാത്മശല്യം വളക്കുന്നോ -
നന്യരക്തത്തിൽ പങ്കുകൊള്ളുന്നോൻ
ചെററും ഭംഗമില്ലാതെ ജയിപ്പൂ;
തെററില്ലീ നീതി ലോകത്തിലെന്നും !

*

## കിളി ഒഴിഞ്ഞ കൂട്

i

പകലോനപ്പശ്ചിമദിക്കിലെത്തി
ജലധിയും തേടിക്കതിച്ചിട്ടമ്പോഠം,

പനിമതിലേഖയപ്പൂർവ്വദിക്കിൽ
കരളിലൊരിക്കിളി ചാത്തിട്ടമ്പോഠം,

ഇരതേടി ജീവിവൃന്ദങ്ങളാകെ
പതിവുപോൽ വിശ്രമിച്ചുഴൽമറക്കെ,

പഴയൊരിപ്പഞ്ജരം വിട്ടയരാ-
നഴറം ഖഗം മൊഴിഞ്ഞീവിധത്തിൽ:-

ii

"ചിറകെഴമിക്കൊച്ചുജീവിയേറെ-
ക്കൊതിപൂണ്ടിടുന്നു പറന്നകലാൻ.

ചെറിയൊരിക്കൂടിൻറിരുട്ടറയിൽ
കഴിയുവാനില്ലൊട്ടുമാശമേലിൽ.

ഹൃദയത്തിലാനന്ദവീചിതട്ടാ-
നഴലിൻറിരുമ്പഴി വിട്ടപാരാൻ,

പകലിരവിപ്പുഴം പഞ്ജരത്തിൽ
തകരുന്ന ജീവിതം വിട്ടുമാറാൻ,

ഇത്രയ്ക്കിടുങ്ങുമിക്കൂട്ടുപേക്ഷി-
ച്ചെത്രയും വിസ്തൃതലോകമെത്താൻ,

ഇരുൾനീക്കി, ഹൃത്തിനാനന്ദമല്ല-
മരുളുവാൻ മോഹിക്കുമീയൊരെന്നെ

തുണചെയ്തനുഗ്രഹിച്ചീടുവാനായ്
ഗുണപൂർണ്ണനങ്ങുവന്നെത്തുകില്ലേ?"

iii

കിളിയിപ്പുഴമൊഴിയേറെ നാളാ-
യുരുവിട്ട,ന്നാരങ്ങു കേൾക്കുവാനായ്.

പ്രാർത്ഥിച്ചുപ്രാർത്ഥിച്ചു തോററ, പിന്നെ
മൂകമായ് നാളുകൾ തള്ളിനീക്കി.

കരയുന്ന കുട്ടിക്കു പാലുകിട്ടാൻ
കഴിവില്ലയെങ്കിൽ കരയ്കവേണോ ?

നോക്കാത്ത ദേവൻെറ പൂജചെയ്‌വാൻ
വ്യർത്ഥം ശ്രമിക്കുന്നതാരുഭൂവിൽ ?

പരുപരുത്തേറെപ്പഴകിയോര-
ക്കൂട്ടിലടങ്ങിക്കിളി കഴിഞ്ഞു.

പലദിനം നീക്കിയപ്പക്ഷി,യേറെ
കുഴയുന്നഹൃത്തോ,ടതാരുകാണാൻ ?

കനിവിന്നുറവെങ്ങൊലിച്ചിട്ടവാൻ
മരുവിൽ സമരം തുടന്നിടുമ്പോഠം !

iv

നാളുകളേറെക്കഴിഞ്ഞു,വെന്നാ-
ലൊരുദിനമൊക്കെയും ശാന്തമായി.

കിളിയില്ല കൂട്ടില,ക്കൂടുമാത്രം
ശൂന്യതായ്ക്കാസ്ഥാനമായി നില്പൂ

കിളിയില്ലയെന്നറിഞ്ഞപ്പൊഴാക്കും
കിളിയെങ്ങുപോയെന്നറിഞ്ഞിടേണം.

പകലിരവാലംബമാരുമെന്യേ
കരകിൽ, പിടയുകിൽ, ശ്രദ്ധയില്ല !

കനിവററ ലേകേക്ക്റിയണംപോൽ
കിളിയെങ്ങുപോയെന്ന നഗ്നസത്യം.

V

പലരും തിരഞ്ഞു, പലയിടത്തും
പലയഭിപ്രായങ്ങൾ പൊന്തിവന്നു.

പലരുമാശ്ശൂന്യമാം കൂട്ടമെല്ലെ
തലകുത്തിയാകെ മറിച്ചുനോക്കി.

ചലനമി,ല്ലകലത്തിൽ മാമരത്തിൻ
കരയുമീണതൻെറ ശബ്ദമെന്യേ.

കൂടാക്കുമില്ലാത്ത നാട്ടിലൊന്നിൽ
കിളിയെയും കൊണ്ടങ്ങു ചെന്നുപററാൻ

മഴവില്ലണിഞ്ഞ രഥത്തിലേററി
മാലാഖമാരൊട്ടകമ്പടിയായ്

മുകളിൽ ചരിക്കും മുകിൽ നിരക-
ണ്ടഴകിലെല്ലാവരും നോക്കിനിൽക്കെ,

ഒരു നവചൈതന്യമെങ്ങുനിന്നോ
കുളിരണിത്തെന്നലിൻ മട്ടിലെത്തി

മന്ത്രിപ്പൂ കാതിൽ പതുക്കെയെന്തോ,
കിളിയങ്ങു ചെന്നെന്നവാർത്തയാകാം !

ബ്രഹ്മാണ്ഡമെങ്ങും നിറഞ്ഞിരിക്കും
നിഖിലേശചൈതന്യസാരസർവ്വം

കനിവററ ലോകക്ക് ബോദ്ധ്യമാക്കി-
ക്കിളിതൻ കഥയും വെളിപ്പെടുത്താൻ,

ഒരു കൊച്ചു മാലാഖയെന്നമട്ടിൽ
അംബരത്തേണാങ്കബിംബമെത്തി,

പുഞ്ചിരിച്ചന്ദ്രികപ്പാൽപ്പുഴയാൽ
ക്രമമായി ഭുവിൻറിരുട്ടകററാൻ.

★

# ഭഗീരഥൻ

[ശിവൻ തൻെറ ജടയിൽ ഗംഗയെ വഹിച്ചിരിക്കുന്നതിനാൽ ശിവ പാർവ്വതിമാർ തമ്മിൽ നിത്യവും കലഹമാണെന്നു് പുരാണത്തിൽ പ്രസിദ്ധമാണു്. ഗംഗയാകട്ടെ, ഭഗീരഥൻെറ പ്രയത്നം മൂലം ശിവൻെറ സമ്മതത്തോടുകൂടി ഭൂമിയിൽ വന്നവളാണു്.]

പണ്ടു സ്വർഗ്ഗംഗയിബ്ഭുവി-
ലൊഴുക്കാനായ് ഭഗീരഥൻ
ഇണ്ടൽപൂണ്ടേറെ യത്നിച്ചാൻ;
ഗംഗ കൈക്കൊണ്ടുവൻകൃപ. 1

ചന്ദ്രചൂഡ ജടാമൂലേ
ക്ലമം തീർത്തുശേഷമേ
ഭൂമുഖത്തവളെത്തുള്ളൂ,
ഭുവല്ലെങ്കിൽ നശിച്ചുപോം ! 2

ക്ലേശമാണിതിനിന്നിപ്പോഠം
ശിവപൂജകഴിക്കണം;
ശിവനെന്നിൽ പ്രസാദി,ച്ചെൻ
മനമാററാനൊരുങ്ങണം. 3

എന്തു ഭാരം, കൊട്ടംവ്രതാ-
നഷ്ഠനാം പരമേശനെ
പ്രസാദിപ്പിക്കുവാ, നല്ലാ-
തൊക്കില്ല പിതൃസദ്ഗതി. 4

ഉൽക്കൃഷ്ടസുതനെന്നാലും
പിതൃപൂജകളെന്നിയേ
മനശ്ശാന്തിലഭിച്ചീടാ;
തനിക്കും വ്രതമങ്ങനെ. 5

ക്ലേശംപാത്തുപേക്ഷിക്കാൻ
മനമാകെ വഴങ്ങിടാ,
പിതൃസദ്ഗതിയുണ്ടായേ
രാജ്യപുഷ്ടി ലഭിച്ചിടൂ. 6

മഹാമാരികൾ, ദാരിദ്ര്യം
മനഃപീഡകളൊക്കെയാൽ
ജനമാകെ വശംകെട്ടും
വലഞ്ഞീടുന്നുസർവ്വദാ. 7

രാജ്യഭാരം വഹിച്ചീടും
ഞാനിതെത്രസഹിച്ചിടാ,
ജനമെന്നെപ്പഴിച്ചീടും,
പിതൃശാപവുമെത്തിടും. 8

ഇവയോത്തീശ പൂജയ്ക്കായ്
പുറപ്പെ,ട്ടെന്നിലാർദ്രനായ്
സമ്മതം നല്കി,ത്തൻ ശീഷം
ഗംഗയെ താങ്ങിനില്ക്കുവാൻ. 9

എത്രയും വേഗമെൻ മോഹം
നിറവേററാൻ കൊതിയ്ക്കയാൽ
ഗംഗാനദിജടാമൗലി-
വിട്ടുപാരിലണഞ്ഞുടൻ. 10

പാതാളതലമെത്തീട്ടാ-
നദിതൻ കുളുർധാരയാൽ
ശോച്യരാമെൻ പിതൃക്കൾക്കൊ-
ട്ടാനന്ദമരുളീചിരം. 11

അവക്കേഴന്നൊരാനന്ദാ-
ലെൻെറ നാട്ടും പുളയ്ക്കയായ്;
പിതൃസദ്ഗതിയേകുന്നോ-
നെത്രയോ ഭാഗ്യമാന്നവൻ. 12

ക്ഷാമം, ദുഃഖം, മഹാമാരി
തൊട്ട ബാധകളൊക്കെയും
നാട്ടിൽ നിന്നോടി, മുന്നേപ്പോൽ
ജനമാനന്ദമാന്നുടൻ. 13

ഇതിനൊക്കെശ്ശ്രമിച്ചോൻ ഞാ–
നേറെ സന്തുഷ്ടനെന്നുമേ;
എങ്കിലും ഹൃത്തിലിപ്പോഴും
കയ്യേററം വ്യഥസർവ്വദാ. 14

ഗംഗയെ ജ്ജടയിൽ താങ്ങും
ശിവൻെറ വ്രതനിഷ്ഠയിൽ
പാർവ്വതിയ്ക്കുന്നുമല്ലുണ്ടു;
നിത്യം ശണ്ഠകളാകയാൽ. 15

അർദ്ധനാരീശ്വരർക്കെന്നും
ദമ്പതീസുഖഹാനിയായ്
തീർന്നേൻ ശ്രമ,മതാലിന്നും
വിശ്രമം ഹൃത്തിനേശിടാ. 16

ജഗത്പിതാക്കൾ ഭിന്നിക്കാ-
നേകകാരണമാമവൾ
ക്ലേശി,ച്ചെൻ ദുഃഖമോർത്തിട്ടും
ശോഷിപ്പൂ, ഹഹ ! നിത്യവും. 17

ക്ഷമയോടേറെ നാൾ പോക്കി–
ക്കാലമിത്ര കടന്നുപോയ്,
ഇന്നവൾക്കേറെ ദുസ്സാദ്ധ്യം;
ശകാരം തന്നെയെപ്പോഴും. 18

"എന്തിനാണെന്നെയിമ്മട്ടി-
ലത്തൽതിന്നു വസിക്കുവാൻ
നിങ്ങളിങ്ങോട്ടുകൊണ്ടിട്ടെ-
ന്നോതുകെ,"ന്നതുതാൻ സദാ. 19

ശിരോലിഖിതമാണെന്നും
മായ്ച്ചിടാനാർക്ക് സാദ്ധ്യമാം;
ഭർത്തൃകാംക്ഷയിലെല്ലാം വി-
ട്ടിങ്ങുവ,ന്നിവിടീഗ്ഗതി. 20

ഓർത്തോർത്തേറെക്കരഞ്ഞവൾ
തന്നത്താനെ ശപിച്ചിടും,
പിന്നെ വല്ലാതിരുന്നേറെ
പഴംപല്ലവി ചൊല്ലിടും:- 21

"സ്വന്തം നാട്ടിൽ തിരിച്ചെത്തിൽ
കിട്ടിടാം സുഖമുൾത്തടേ.
എനിക്കിവിടെ ദുഃഖത്താൽ
വയ്യ, നാളുകൾ നീക്കുവാൻ. 22

അച്ഛൻററികിലെങ്ങാൻ ഞാൻ
പോകയാ,ണപ്പൊഴെങ്കിലും
ത്വത്പിതാക്കളൊരുപക്ഷേ
ശണ്ഠനിർത്താ,മിണങ്ങിടാം. 23

എന്നെക്കണ്ടുമതല്ലെന്നു-
മസ്വസ്ഥാ ഗിരികന്യക;
അങ്ങയ്ക്കുമില്ലൊരാശ്വാസം,
ഞാനിതെത്ര സഹിച്ചിടും ! 24

എന്നെ ലാളിക്കുമീശങ്കൽ
ശങ്കിക്കുന്നുമനിത്യവും;
ഭർത്തൃവിശ്വാസലോപത്താ-
ലാപത്തെത്ര ഭയങ്കരം." 25

ഇതെല്ലാം കാണുകവേ, ധർമ്മ-
ബോധമുള്ളീഭഗീരഥൻ
ഹൃത്തിലെങ്ങനെ സന്തോഷി-
ച്ചുത്തലാററി വസിച്ചിടും. 26

ഈശസമ്മതമില്ലാത-
ല്ലവളിങ്ങോട്ടു വന്നതും;
വിസമ്മതമുരച്ചീല-
ന്നമ്മ പാർവ്വതി തെല്ലുമേ ! 27

മാതൃഗേഹത്തിലെത്തിച്ചാ-
ലേറെ സൗഖ്യമവൾക്കെന്നാൽ
ധർമ്മമല്ലല്ലൊ വേട്ടോളെ
തിരിച്ചാക്കുക തെല്ലുമേ! 28

പിതൃസദ്ഗതി നല്കാനെ,ൻ
പ്രജാപാലന കൗതുകാൽ
തുനിഞ്ഞിതി;നിതാകട്ടെ
കുഴപ്പങ്ങൾ വളർത്തിഹാ ! 29

സുഖം നരക്കു നല്കീടാൻ
താപം കൈക്കൊണ്ടൊരെന്മനം
പാഴിലാ വേലകാണിച്ചു;
പഴിക്കുന്നെന്നെ ദേവകൾ !! 30

## രണ്ടു മുക്കുവർ

ചിന്തയ്ക്കുമാറ്റം നല്കി-
കത്തിച്ച സിഗററം

വലിച്ചു മുറിയ്ക്കുള്ളി-
ലേകാഗ്രനായ് വാഴ്കവേ,

മുത്തുവാരിത്തൻവല
നന്നാക്കി നില്ക്കുന്നോരായ്

രണ്ടു മുക്കുവന്മാരെ -
ക്കണ്ടെൻെറ സമീപത്തിൽ.

അത്യഗാധം നീക്കയം
മുങ്ങി മുത്തെടുക്കുന്നോ -

നൊരുവ;നിതരനോ ?-
ചിന്തതൻ തോണിലേറി

കല്ലോലജാലം തിങ്ങും
ജീവിതക്കടൽ മുങ്ങി

ശാശ്വതസത്യം കാണും
മുക്കവൻ — കലാകാരൻ !

കർമ്മമൊന്നുപോൽ; ഫല-
പ്രാപ്തിഭിന്നമെന്നാലും

കർമ്മധീരരായ് വാഴ്‌വൂ,
മുക്കവരീരണ്ടാളും.

മൃത്യുവിൽക്കമ്പോളൊരാൾ-
ക്കുണ്ടാകും മാർഗ്ഗം നിത്യ-

വൃത്തിയ്ക്കായ്, മുഖവില-
യ്ക്കുടനേ വില്ക്കുന്നെല്ലാം !

മുക്കവനവൻകാലം
പോക്കവാ,നാപത്തിൻെറ

വക്കിലൂടഗാധത്തിൽ
മുങ്ങുന്നു നിത്യാഭ്യാസാൽ.

അപരൻ മുങ്ങുന്നാത്മ-
ചൈതന്യസമുത്ഭവം

ഭാവനാപ്രപഞ്ചത്തിൽ;
കവിതാ സാമ്രാജ്യത്തിൽ.

പൊങ്ങുന്നൊരമൂല്യമാം
മുത്തുസഞ്ചയം പേറി,

വില്ക്കുന്നു വിജ്ഞാനിയ്ക്കായ്;
നേടുന്നു പുകഴ്ന്നാണ്യം.

ജീവിതത്തോടൊപ്പംതാൻ
വിസ്മൃതിക്കുഴിയ്ക്കുള്ളി-

ലാറടിമണ്ണിൽ ധീര-
ധീവരൻ മറയുമ്പോഴ്,

രണ്ടാമനനശ്വര-
സമ്പത്തുനേടി,ക്കാല-

ചക്രത്തിൻ തിരിച്ചിലി-
ലമൂല്യനായ്ത്താൻ വാഴ്വൂ !

ഒന്നു മെയ്സ്വാധീനത്താ;-
ലന്യമാത്മബോധത്താൽ

സുന്ദരരൂപംകൊൾവൂ
കലാകാരൻ തന്നുള്ളിൽ.

നശ്വരംമെയ് മൺകുഴി-
യ്യുള്ളിൽ മൂടപ്പെട്ടാലും

കീർത്തിയാലനശ്വരൻ
നിത്യവും കലാകാരൻ.

നശ്വരം ധനം, മെയ്യും
സമ്പത്തുമെല്ലാം ഭുവി;-

ലനശ്വരം താൻ കീർത്തി,
സൽക്കർമ്മജന്യം ഫലം.

ഇക്കഥ പഠിപ്പിക്കും
കലാകാരനെപ്പററി-

യോർത്തോർത്തോട്ടിരുന്നുപോ,-
യെങ്ങോപോയ് മറഞ്ഞന്യൻ.

പെട്ടെന്നു വാനത്തപ്പോ-
ളരിമല്ലപ്പൂവുക-

ളൊട്ടേറെ വിടർന്നുഡു-
വൃന്ദമെന്നൊരാഛലാൽ.

എരിഞ്ഞു തീരാറായി
സീഗററ്റതന്നററം,

വിരൽ പൊള്ളാറായ്; ദൂരേ-
യ്ക്കെറിഞ്ഞേൻ ചിന്തയ്ക്കൊപ്പം.

*

## ആരാമത്തിൽ

വസന്തംവന്നു, ഭ്രവെങ്ങും
സസന്തോഷം ലസിക്കവേ.
പൂങ്കാവുകളിലെമ്പാടും
ഝങ്കാരം പടരുന്നതേ !

മൊട്ടിടും വല്ലിയിൽപ്പൂക്കൾ-
ക്കൊട്ടുചിത്തം തുടിക്കവേ,
മാദകത്വം ജനിപ്പിക്കും
വികാരങ്ങൾ ത്രസിക്കവേ,

പൂന്തോപ്പിലെത്തുവാൻ, പൂവൊ-
ത്തഹോരാത്രംകഴിയ്ക്കുവാൻ
വണ്ടിണ്ട മൂളിമൂളിക്കൊ-
ണ്ടിണ്ടലെന്യേ ചരിപ്പുതേ!

ആശയൊത്തിച്ഛ നേടീടാൻ
കൊതിയേറുന്ന ഹൃത്തുമായ്
കണ്ട പൂവിൽ പറന്നെത്തി
വണ്ടത്താന്മാർ മദിക്കവേ,

മധുനൽകി, മന്ദഹാസാ-
ലധോവക്ത്രം നകന്നിടാൻ
തൻ മെയ് പുണർന്നിടാൻ പുഷ്പം
ഭ്രമരത്തെ ക്ഷണിക്കയായ്.

വണ്ടത്താൻ മധുവുണ്ടേറെ
മദിച്ചാത്തൊട്ടു മൂളിയും
ചാഞ്ചാടിയാടിച്ചുററിക്കൊ-
ണ്ടിളം പക്ഷങ്ങൾ വീശിയും,

മലർന്ന പൂക്കളിൽ പററി
മതിയോളം നുകർന്നുടൻ
അടർന്ന പൂവുപേക്ഷിക്കും;
വിടരാത്തവതേടിടും.

വിടർന്നില്ലം വിളത്തീടിൽ
വിട്ടും വണ്ടുകളാസുമം
വേറേ പൂമൊട്ടുകൾ ചാരെ
തേടിത്തെണ്ടിയലഞ്ഞിടും.

വിടരാറായ പൂമൊട്ടിൽ
വിടൻ വണ്ടണയുമ്പൊഴേ,
അടന്നപൂവിൻ ദുഃഖങ്ങൾ
വിടന്ന മിഴി കാങ്കിലും,

ഭുവിലസ്ഥിരമാം സൗഖ്യ-
മെന്നതോക്കാതവററകൾ
വിടൻെറ മൂളിപ്പാട്ടിൽപ്പെ-
ട്ടൊട്ടക്കം ഹാ, നശിപ്പതേ!

വിടന്നതെല്ലാം വീണ്ടും വി-
ട്ടടരാടാനൊരുക്കമായ്,
ചിത്തം ചെററവപരുങ്ങാതാ-
മത്തഭൃംഗം ചരിച്ചിടും.

കാപട്യമറിവില്ലാത്ത
ശുദ്ധശീലകൾ മൊട്ടുകൾ
വണ്ടിനെക്കണ്ടുടൻപ്രമോദാൽ
ചുണ്ടുയത്തിച്ചിരിക്കവേ,

മൂളിപ്പാടിപ്പറന്നെത്തി-
ബ്ബലാൽക്കാരം തുടർന്നവ
ഇച്ഛപോൽ തേൻ നുകന്നീടും;
സ്വച്ഛമായ്പൂ ലസിച്ചിടും.

ലൗകികത്തിൻ വ്യവസ്ഥകൾ-
ളുടിസ്ഥാനങ്ങളെന്നപോൽ
അല്പനേരം സുഖം നൽകി-
ത്തല്പം വിട്ടളി പാറിടും.

ഞെട്ടററ പൂ നിലംപററെ-
ക്ഖലൻ വണ്ടഴലെന്നിയേ
മദാൽ മൂളിപ്പറന്നീടും
മൃദുകായം തുലയ്ക്കുവോൻ.

ഭൃംഗമേ, നീയിതേമട്ടിൽ
വഞ്ചനയ്ക്കായ് ശ്രമിക്കുകിൽ
വിളക്കൊരിക്കൽ ശിക്ഷിക്കും;
വീഴും പൊള്ളിക്കരിഞ്ഞു നീ.

വണ്ടിനെന്തും ഭവിക്കട്ടെ
വേണ്ടതോർക്കട്ടെ പൂവുകൾ;
വേണ്ടതിൽ ജ്ഞാനമില്ലെങ്കിൽ
വേണ്ട, പാലിക്കതെൻനില.

കരം രണ്ടും ചലിച്ചാലേ
രവം കേൾക്കുള്ളതോക്കണം;
വായുവിൽ കരമേകം താൻ
ചലിച്ചാൽ കേട്ടിടാ രവം.

★

## പ്രചോദനം

വ്യാധൻെറ ക്രൂരമ്പേററ
പിടയും ക്രൗഞ്ചത്തെക്ക-
ണ്ടാധിപൂണ്ടിണയ്ക്കുള്ളിൽ
നൊമ്പരം വിതുമ്പവേ,
കാട്ടാളനായ് ജീവിത-
മേറെനാഠം നയിച്ചോരാ-
താപസഹൃത്തിൽ ശോകം
തന്ത്രികഠം മീട്ടീടവേ,
ശോകത്തിൽനിന്നു ശ്ലോകം
ചമച്ചു ലോകത്തിലൊ-
രാദ്യത്തെക്കവീന്ദ്രനായ്
വാല്മീകി പ്രകീർത്തിതൻ.

ഞാനെൻെറ പഞ്ചേന്ദ്രിയ -
സംജ്ഞകൾക്കടിപ്പെടാ -

തേകനായ്ത്തപസ്വിപോൽ
വാണിയെയുപാസിക്കെ,

ഷഢ്വികാരങ്ങൾ വ്യാധൻ
ക്രൂരമ്പായ് തുളച്ചേറെ-

പ്പിടയും മനുഷ്യാത്മ -
രോദനം ശ്രവിക്കയായ്.

ഞാനറിയാതെന്നിലെ
സർഗ്ഗശക്തിതൻ കനൽ

നാളങ്ങൾ ജ്വലിച്ചെന്നിൽ
ഭാവന വിഹരിപ്പൂ !

വേദനിച്ചിടും ഹൃത്തിൻ
നൊമ്പരമെൻേറതാകും,

വേദന പ്രചോദിപ്പി-
ച്ചെന്നിലെ കലാകാരൻ

ഉണരും, നാളേയ്ക്കായി
ഗാനങ്ങൾ പാടാൻ വീണ

കമ്പികൾമീട്ടും ഞാ,നെൻ
ചേതനയ്ക്കാകുംവിധം.

*

## ഗ്രാമവീഥിയിൽ

പൂർവ്വാംബരത്തിങ്കൽ സിന്ദൂരപ്പൊട്ടുതൊ-
ട്ടുർവ്വിയെപ്പുല്കിപ്പുലരിയണയവേ,

കുന്നലനാട്ടിലെ തെന്നലിൻ സംഗീത-
മന്ദ്രസ്വനം കാതിലൂർന്നുന്നലയ്ക്കവേ,

കാവ്യമധുരിമയൂറമെൻ ഗ്രാമീണ-
ഭ്രുവിൻെറ ചിത്രം നുകർന്നു ഞാൻ കൺകളാൽ.

പിച്ചിലക്കാട്ട രോമാഞ്ചമണിഞ്ഞുനി-
ന്നുച്ചത്തിലൂതിക്കുഴൽകീചകങ്ങളും;

പൂഞ്ചോല പുഞ്ചിരിതൂകിക്കുണുങ്ങിനി,-
ന്നഞ്ചിതം പുഞ്ചവയൽ നീർകുടിയ്ക്കവേ,

പച്ചപ്പരവതാനിപ്പുൽപ്പരപ്പിലാ-
യിച്ഛയൊത്തങ്ങിങ്ങു മേഞ്ഞു പശുക്കളും.

പാട്ടും കിളികളുമാറും, വയൽകളും
മേട്ടകളുംതോറുമലയും മൃഗങ്ങളും,

മത്തഭൃംഗം പാറും തണ്ടലരും, കണ്ട-
ങ്ങുറുംത്തട്ടിലാനന്ദമേറിച്ചരിയ്ക്കവേ,

ക്രൂശേന്തി 'ഗോഗുൽത്ത'യേറുന്നൊരേശുപോൽ
ക്രൂശേശു മദ്ധ്യാനശീലരെക്കണ്ടു ഞാൻ.

തൻ തോളിൽ സീരം വഹി,ച്ചേറെ ക്ഷീണിച്ചു
മുൻപിൽ ചരിക്കും വൃഷങ്ങളെത്തട്ടിയും,

മുട്ടോളമെത്തും 'കുറിയതും' ചുററി, യാ-
പട്ടിണിക്കോലങ്ങറും പോകും വയൽകളിൽ.

അക്കരെപ്പൂന്തോപ്പിൽ മാമരക്കൊമ്പത്ത്
ചക്കരമാമ്പഴമണ്ണാൻ ചവയ്ക്കവേ,

വെണ്ണകണ്ടുള്ളൊരാക്കണ്ണനെപ്പോലെ, ര-
ണ്ടുണ്ണികറും വായിൽ നീരൂറി നിന്നീടവേ,

പുഞ്ചിരിതൂകിപ്പുലർകാലവേളയിൽ
സഞ്ചിതാരാമങ്ങറും നൃത്തമാടീ മുദാ.

സ്വപ്നങ്ങളെന്നപോൽമൊട്ടി,ട്ടടൻ വിട-
ന്നസ്പഷ്ടമാം, മർത്ത്യജീവിതചിത്രങ്ങറും

DHARMARAM COLLEGE LIBRARY BANGALORE 19394

സ്പഷ്ടമാക്കാൻ നിയതിതൻ കൈവിരു-
താച്ചിത്ര ദർശിനിയൂടെ കാട്ടും വിധം,

മൊട്ടിട്ടൊരായിരം പൂവുകൾ വണ്ടത്താൻ
തട്ടിവിട,ർന്നടർന്നല്ലും വിടർന്നവ !

ആ ഗ്രാമഭൂവിൻെറ വാസന്തമഞ്ജിമ-
യ്ക്കീമന്നിൽ നാകം രചിയ്ക്കാൻ കഴിഞ്ഞിടും !

കേരളാംബയ്ക്കെഴമാസൗകുമാര്യമോ-
ത്താരാകിലും മോദസാഗരേ നീന്തിടും !!

★



DC Library
*00019394*
T61 AM11

ക …
നിര …
ല്ലാം …
ചുര …
യ …
കാ …
ത്തൂ …
ല്ലൂർ എന്ന സ്ഥലത്ത് തോപ്പിൽ കുടുംബത്തിൽ ജനിച്ചു. കാഞ്ഞിരമററം ഹൈസ്കൂളും, തേവര എസ്. എച്ച്. കോളെജ്, എറണാകുളം മഹാരാജാസ് കോളെജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം ചെയ്ത് 1964-ൽ മഹാരാജാസ് കോളെജിൽനിന്നു മലയാളം ഐച്ഛികവിഷയമായെടുത്തു പ്രശസ്തമായവിധം എം. എ. ബിരുദം സമ്പാദിച്ചു. തിരുവല്ലാ മാർത്തോമ്മാ കോളെജിലും ആലുവാ യൂ. സി. കോളെജിലും ജോലിനോക്കി; ഇപ്പോൾ പത്തനംതിട്ട കാതോലിക്കേററ കോളെജിലെ മലയാളം ലക്ചററാണ്. ഒരു കവിയുടെ ഹൃദയമാണദ്ദേഹത്തിന്റെ കൈമുതൽ. "മുന്തിരിക്കുല" അതിനു സാക്ഷ്യം വഹിക്കുന്നു. ഇതിന്റെ കനികൾ മധുരതരങ്ങളാണെന്നതിനു ശ്രീ ഉള്ളാട്ടിൽ സാക്ഷിയും. എറണാകുളത്തെ "ഗാന്ധിവിചാരപരിഷത്ത്" നടത്തിയ ദൂതകവിതാമത്സരത്തിൽ ഒന്നല്ല, രണ്ടുതവണ സമ്മാനം കിട്ടിയത് ഇദ്ദേഹത്തിനാണ്. മഹാരാജാസ് കോളെജിലെ ഭാഷാസാഹിത്യമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കവിതാമത്സരത്തിലും പ്രബന്ധമത്സരത്തിലും പ്രസംഗമത്സരത്തിലും ശ്രീ ആമ്പല്ലൂർ സമ്മാനം നേടിയിട്ടുണ്ട്. വിശ്വാസതകർച്ചയുടെ ഈ കാലഘട്ടത്തിൽ, ജീവിതമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട്, ജീവിതത്തെ പ്രസാദമധുരമായി വീക്ഷിക്കുകയും, നന്മയുടെ ദീപശിഖ ധീരതയോടെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പ്രകൃതിസൗന്ദര്യാരാധകനായ ഈ കവി ഭാഷയ്ക്ക് ഒരു വാഗ്ദാനമാണ്.

—ടോം ജോസ്, ബി. എ. ബി. എഡ്.

# മുന്തിരിക്കുല

T61

T61
Am II